കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യൂ., തീയതി 08.10.2026

പ്രസിദ്ധീകരണത്തിന്

ടൈംടേബിൾ പ്രസിദ്ധീകരിച്ചു

29-10-2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ ബിരുദം(2021 മുതൽ 2023 വരെ അഡ്മിഷൻ) സപ്പ്ളിമെന്ററി നവംബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഹാൾ ടിക്കറ്റ്

സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, പാലയാട് കാമ്പസിലെ അഞ്ചാം സെമെസ്റ്റർ ഇന്റഗ്രേറ്റഡ് BA LLB റെഗുലർ 2024 അഡ്മിഷൻ, സപ്ലിമെന്ററി 2023 അഡ്മിഷൻ / BA LLB സപ്ലിമെന്ററി (2017 - 2022 അഡ്മിഷൻ) നവംബർ 2026 പരീക്ഷയുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.
ഹാൾ ടിക്കറ്റ് ലഭിക്കാത്തവർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ് (Ph. No: 0497-2715264).

പരീക്ഷ രജിസ്ട്രേഷൻ

പ്രൈവറ്റ് രജിസ്ട്രേഷൻ - രണ്ടാം സെമസ്റ്റർബിരുദം FYUGP പാറ്റേൺ(2024 അഡ്മിഷൻ)ഏപ്രിൽ 2025 പരീക്ഷകളുടെ പുനർമൂല്യനിർണയത്തിന് അപേക്ഷിച്ച വിദ്യാർത്ഥികളുടെ പുനർമൂല്യനിർണയഫലം ചില സാങ്കേതിക കാരണങ്ങളാൽ വൈകുന്നതിനാൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ - രണ്ടാം സെമസ്റ്റർ ബിരുദം FYUGP പാറ്റേൺ (2024 അഡ്മിഷൻ - സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) ഏപ്രിൽ 2026 പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷിക്കാനുള്ള അവസരം പുനർമൂല്യനിർണയ ഫലപ്രഖ്യാപനത്തിന് ശേഷം നൽകുന്നതായിരിക്കും. തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

ഒപ്പ് / -
അസിസ്റ്റന്റ് രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം